For Private Circulation Only

February 2022

ആഗമനാരുണൻ

HOLY BIBLE

Vol.69

" അപ്പോൾ അവൻ എനിക്കു അയ്യോ കഷ്ടം; ഞാൻ .....എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ " (യെശ.6:5)

No.2

ദൈവത്തിന്റെ കൂടെയുള്ള വേലക്കാർ

By David Fryon

അപ്പോസ്തലനായ പൗലൊസ് കൊരിന്ത്യരിലുള്ള വിശ്വാസികളായ ദൈവമക്കളോട് പറയുകയാണ് " ഞാനും എന്റെ സഹപ്രവർത്തകരും ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ " (1 കൊരി. 3:9) എന്നാണ്. ഇങ്ങനെയുള്ള ഒരു ഉദ്യമത്തിനുവേണ്ടിയാണ് യേശുക്രിസ്തു തന്റെ എല്ലാ ദാസന്മാരെയും വിളിച്ചു വേർതിരിച്ചിരിക്കുന്നത്. നമ്മൾ ദൈവത്തിനുവേണ്ടി ജോലി ചെയ്യുവാനല്ല വിളിക്കപ്പെട്ടിരിക്കുന്ത്, ദൈവവുമായിട്ട് ഒരുമിച്ച് നിന്ന് പ്രവർത്തിക്കുവാൻ വേണ്ടിയാണ് കർത്താവ് ആഗ്രഹിക്കുന്നത്. ഒരു ഫലം നിറയപ്പെട്ട ക്രിസ്തീയ ശുശ്രൂഷ/ ക്രിസ്തീയ സേവനം എന്നത് അത് കർത്താവു ആയിട്ടു ചേർന്ന് ഒരുമിച്ച് നിന്ന് പ്രവർത്തിക്കുമ്പോഴാണ്. വാസ്തവത്തിൽ സംഭവിക്കുന്നത്. നമ്മൾ അവനോട് ചേർന്ന് നിന്ന് പ്രവർത്തിക്കുന്നവരാണെങ്കിൽ തീർച്ചയായിട്ടും നമ്മൾ അറിഞ്ഞിരിക്കണം അവൻ എപ്രകാരം ആണ് പ്രവർത്തിക്കുന്നതെന്ന്. അല്ലാത്ത പക്ഷം അവന്റെ കൂടെ നിന്ന് പ്രവർത്തിക്കേണ്ടവരായ നമ്മൾ അവന് എതിരായിട്ട് നിന്ന് പ്രവർത്തിക്കുന്നവരായി തീർന്നേക്കാം.

യേശുകർത്താവ്, ഒരു ചെറിയ ഉപമയിൽ പറഞ്ഞിരിക്കുന്നത് മർക്കോസിൽ രേഖപ്പെടുത്തിയിരിക്കുന്നത്, നമ്മുടെ കണ്ണുകളെ തീർച്ചയായിട്ടു പ്രകാശപ്പിക്കും. എങ്ങനെ ആണ് യേശുക്രിസ്തു കാര്യങ്ങളിൽ പ്രവർത്തിക്കുന്നതെന്ന്. ദൈവരാജ്യത്തെകുറിച്ച് അവൻ പറഞ്ഞത് ഇപ്രകാരമാണ്. പിന്നെ അവൻ പറഞ്ഞത് "ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്തു എറിഞ്ഞ ശേഷം രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തു മുളെച്ചു വളരുന്നതു പോലെ ആകുന്നു " (മർ. 4:26,27). ദൈവത്തിന്റെ പ്രവൃത്തികളെ കുറിച്ച് എന്താണ് നമ്മൾ ഇവിടെ പഠിച്ചത്?

ദൈവത്തിന്റെ പ്രവർത്തികൾ ആരംഭിക്കുന്നത്

ഒരു വിത്ത് എത്രയോ ചെറുതാണത്. യാതൊരു പ്രാധാന്യവും ഇല്ലാത്ത ഒന്ന്! തീർച്ചയായിട്ടും ഏതു വലിയ പ്രവർത്തികളും തുടങ്ങുന്നതു ചെറിയ വസ്തുക്കളിൽ നിന്നല്ല എന്നിട്ടു എന്താണ് ദൈവത്തിന്റെ പ്രവർത്തികൾ എല്ലാം ആരംഭിക്കുന്നതു ശൂന്യതയിൽ നിന്നും/ചെറുതു/ എളിമയിൽ നിന്നുമാണ് ഏതിന്റെയും ആരംഭം കുറിക്കുന്നത്, ജെ.ബി. ഫിലിപ്പ് എഴുതിയിരിക്കുന്നത്, ഒരു മനുഷ്യൻ തന്റെ വിത്ത് നിലത്തു വിതറുന്നതു പോലെ എന്നാൽ കൂടുതൽ ക്രിസ്ത്യാനികളും ജീവിതത്തിൽ അറിഞ്ഞിരിക്കുന്നത് അവരുടെ ചുറ്റുപാടുകളിലും കണ്ടുകൊണ്ടിരിക്കുന്ന സമൂഹത്തിന്റെ നിലപാട് അനുസരിച്ചാണ്. ഇന്നത്തെ ലോകത്തിൽ നാം കണുന്ന ശക്തി, വേഗത, വലിപ്പം, ഈ മൂന്നു കാര്യങ്ങളിലാണ് ലോകം കൂടുതൽ പ്രാധാന്യം നല്കുന്നത്, എന്നാൽ ഇതൊക്കെയും ഞാൻ കാണുമ്പോൾ പ്രത്യേകിച്ച് ഞാൻ ബലഹീനത എന്ന വിഷയത്തെ കുറിച്ച് അധികാരികമായിട്ടു പഠിക്കേണം എന്നു ചിന്തിക്കുന്നു. എളിയ രീതിയിലുള്ള രംഗപ്രവേശനം സാവധാനത്തിലുള്ള ചലനം; ദൈവം കാര്യങ്ങൾ എപ്രകാരമാണ് ചെയ്തിരിക്കുന്നത്. അവൻ പ്രവർത്തികൾ ആരംഭിച്ചത്, അലങ്കോലപ്പെട്ടിരുന്ന ലോകത്തെ വീണ്ടും സൃഷ്ടിക്കുകയാണ് ചെയ്തത്. അവന്റെ ഉള്ളിലുള്ള പ്രവർത്തികൾ ചെയ്യണമെന്നുള്ള തീവ്രമായ ആഗ്രഹത്തെ അവിടുന്ന് ചെയ്വാൻ പോകുന്ന പ്രവർത്തനങ്ങളുടെ എണ്ണം യാതൊരു വിധത്തിലും തടസ്സങ്ങൾ സൃഷ്ടിക്കുന്നില്ല. ദൈവരാജ്യം എന്നത് ഒരു മനുഷ്യൻ ഭൂമിയിൽ ബോംബ് വയ്ക്കുന്തുപോലെ അല്ല! ദൈവത്തിന്റെ പ്രവർത്തികൾ ആരംഭിക്കുന്നത് ഒരു വിത്തിൽ നിന്നാണ്.

ദൈവത്തിന്റെ പ്രവൃത്തികൾ മറയ്ക്കപ്പെട്ടത് ആകുന്നു.

നിലത്ത് ഒരു വിത്ത് വീഴുമ്പോൾ അത് മനുഷ്യന്റെ കണ്ണുകളിൽ നിന്ന് മറയ്ക്കപ്പെടുകയും വളരെ രഹസ്യം/ നിശ്ശബ്ദം ആയിട്ട് അതിന്റെ നിർമ്മാണം/ വളർച്ച സംഭവിക്കുവാൻ തുടങ്ങുകയും ചില മാസങ്ങൾക്ക് ശേഷം മാത്രമാണ് അത് പുറത്തേക്കു വരുന്നത്. ദൈവം അവിടുത്തെ പ്രവർത്തികൾ മറച്ചുവയ്ക്കുന്നു. അതുകൊണ്ടാണ് ദൈവത്തിന്റെ വേലക്കാർ തീർച്ചയായിട്ടു വിശ്വാസത്തിന്റെ മനുഷ്യൻ/ വിശ്വാസത്തിന്റെ വക്താക്കൾ എന്ന് അറിയപ്പെടുന്നത്. വിശ്വാസം എന്നത് സഹജവാസനയുള്ളതും ദൈവം പ്രവർത്തിക്കുന്നതു എന്നാൽ അതു ആർക്കും കാണുവാൻ സാധിക്കാത്തതുമാണ്. ദൈവം എന്താണ് കാര്യങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്നത്. അത് നമ്മളെ കാണിക്കണം എന്ന് നമ്മൾ നിർബ്ബന്ധം പിടിക്കുകയാണെങ്കിൽ ദൈവത്തിന്റെ കൂടെ വേല ചെയ്യുന്ന വേലക്കാരുടെ ജീവിതത്തിൽ ഒന്നു തന്നെ കർത്താവിൽ നിന്ന് ലഭിക്കുകയില്ല എന്നുള്ള കാര്യം നമ്മൽ മറുന്നുപോകരുത്. കർത്താവിന്റെ നാമത്തിൽ മാനിക്കപ്പെട്ട എല്ലാം ദൈവമക്കളും അവരെല്ലാവരും വിശ്വാസവീരന്മാർ ആയിരുന്നു. അവരെകുറിച്ച് പറയുന്നത്, വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടുപോലെ (എബ്രാ. 11:27). അവർ എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു (എബ്രാ. 11:8). മനുഷ്യന്റെ കണ്ണുകളിൽ ദൈവത്തിന്റെ എല്ലാം പ്രവർത്തികളുടെയും ഒരു ഭാരം മാത്രമാണ് വെളിപ്പെടുന്നത്. ഒരു വിത്ത് നിലത്ത് മറ

(ശേഷം 4-ാംപേജിൽ)

സത്യസഭ

By J.C.Ryle (1816 - 1900)

ഞാൻ താങ്കളെ കുറിച്ച് ഉദ്ദേശിക്കുന്നത് താങ്കൾ ഒരു നല്ല സഭയിലെ അംഗം ആയിരിക്കണമെന്നാണ്. ചില സഭകളിൽ, സഭകളുടെ പുറത്ത് യാതൊരു വിധ രക്ഷയുടെ പ്രവർത്തനവും നടക്കാറില്ല. ഞായറാഴ്ചകളിൽ താങ്കൾ ഏത് സഭയിലേക്ക് പോകുന്നുവെന്ന് ഞാൻ ചോദിക്കുന്നില്ല. ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. താങ്കൾ ഒരു ശരിയായ സഭയിലെ അംഗം ആണോ?

എവിടെയാണ് ശരിയായ സഭ / സത്യസഭ? സത്യ സഭ എപ്രകാരം ഉള്ള ഒന്നാണ്? ഏത് അടയാളത്താലാണ് ഒരു സത്യസഭ അറിയപ്പെടുന്നത്? താങ്കൾ ഒരു പക്ഷേ ഇങ്ങനെയുള്ള അനവധി ചോദ്യങ്ങൾ ചോദിച്ചേക്കാം. ഞാൻ താങ്കളുടെ ശ്രദ്ധയെ എന്നിലേയ്ക്ക് ഒന്നു കൊണ്ടുവരട്ടെ. ഞാൻ ചില ഉത്തരങ്ങൾ നല്കാം.

ഒരു സത്യസഭ അതിലെ വിശ്വാസികളെയെല്ലാം യേശുക്രിസ്തുവിനാൽ കൂടി ചേർക്കപ്പെട്ടതായിരിക്കും. കാരണം ദൈവം തിരഞ്ഞെടുത്ത/മാനസാന്തരപ്പെട്ട പുരുഷൻ/സ്ത്രീകളാണ് ദൈവത്തിന്റെ മക്കളായി ക്രിസ്ത്യാനികളായി തീർന്നത്. ആരൊക്കെയാണ് നാം കാണുന്നത്. ആ ദൈവമക്കളെയെല്ലാം പിതാവ് ആകുന്ന ദൈവം അവരെ തെരഞ്ഞെടുത്ത് പുത്രനായ യേശുക്രിസ്തുവിന്റെ രക്തം അവരിൽ തളിച്ച് പരിശുദ്ധാത്മാവാം ദൈവം അവരെ ശുദ്ധീകരിച്ച് പുറത്ത് കൊണ്ടുവരുന്ന ഒരു വ്യക്തിയാണ് ഒരു യഥാർത്ഥമായ ക്രിസ്തുവിന്റെ സത്യസഭയിലെ അംഗം ആയവൻ.

ഈ സഭയിലെ അംഗങ്ങളെല്ലാവരും ഈ അടയാളം ഉള്ളവരാണ്. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ വീണ്ടും ജനനം പ്രാപിക്കപ്പെട്ടവരാണ്. '' ദൈവത്തിങ്കലേയ്ക്കുള്ള മാനസാന്തരവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസവും യെഹൂദന്മാർക്കും യവനന്മാർക്കും സാക്ഷീകരിച്ചു എന്നും നിങ്ങൾ അറിയുന്നുവല്ലോ '' (അപ്പോ. 20:21). ജീവിതവിശുദ്ധിയും രൂപാന്തരണവും സംഭവിക്കപ്പെട്ടുകൊണ്ടിരുന്നു. അവർ പാപത്തെ വെറുത്തു. അവർ ക്രിസ്തുവിനെ സ്നേഹിച്ചു. പരിശുദ്ധാത്മാവ് നയിച്ചതുപോലെ അവർ കർത്താവിനെ വളരെ ഉത്സാഹത്തോടെയും വാഞ്ഛയോടുകൂടി ആരാധിക്കുന്നവരായിരുന്നു. ഒരേ ആത്മാവിലും ഒരേഹൃദയത്തോടെയും ഐക്യതയോടുകൂടി കർത്താവിനെ ആരാധിക്കുന്നവരായിരുന്നു. അവരെല്ലാവരും ഒരേ ആത്മാവിൽ നയിക്കപ്പെട്ടവരായിരുന്നു. ഒരേ അടിസ്ഥാനത്തിലാണ് അവർ പണിയപ്പെട്ടിരുന്നത്. അവരുടെ മതതീക്ഷണതയ്ക്കായിട്ട് അവർ എല്ലാവരും ഒരുപോലെ ഉയർത്തിയത് വിശുദ്ധ ബൈബിളിനെയാണ്. അവരെല്ലാവരും ഒരു കേന്ദ്രത്തിൽ കൂടി ചേർന്നു യേശുക്രിസ്തുവായിരുന്നു. അവരുടെ കേന്ദ്രബിന്ദു. അതുകൊണ്ട് അവർക്കെല്ലാം ഇപ്പോൾ ഒരേ ഹൃദയത്തിൽ പരയുവാൻ കഴിയും. ഹാലേലൂയ്യാ. അവരെല്ലാവരും ഒരേ സ്വരത്തിൽ പറയുന്നു ആമേൻ, ആമേൻ.

ഈ സഭ ഒരിക്കലും ഭൂമിയിലെ ശുശ്രൂഷകരിൽ ആശ്രയം വയ്ക്കുന്നില്ല, എന്നിരുന്നാലും സുവിശേഷം പ്രസംഗിക്കുന്നവർക്ക് ഇവർ വലിയ മൂല്യം നല്കുന്നു. ഈ സഭയ്ക്കു ഒരു വലിയ നായ

(ശേഷം 4-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

വീണ്ടും വരുന്നവനായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. '' യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു. നിങ്ങൾക്കു കുടിപ്പാൻ വേണ്ടി ഞാൻ അവർക്കു നദിപോലെ സമാധാനവും കവിഞ്ഞൊഴുകുന്ന തോടുപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും. നിങ്ങളെ പാർശ്വത്തിൽ എടുത്തുകൊണ്ടുനടക്കയും മുഴങ്കാലിന്മേൽ ഇരുത്തി ലാളിക്കയും ചെയ്യും (യെശ. 66:12).

ജനുവരി മാസം നമ്മെ വിട്ട് കടന്നുപോയി. ഫെബ്രുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നിങ്ങൾ വളരെ ബലഹീനരാണോ. ദൈവം നിങ്ങളെ നോക്കി പറയുന്നു. നിങ്ങൾ തളർന്നുപോകരുത്. ഞാൻ നിന്റെ കൂടെയുണ്ട്. നിങ്ങളുടെ സാഹചര്യങ്ങൾ ഒക്കെ മാറാൻ പോകുന്നു. നിങ്ങൾ തളർന്നു പോകരുത്. നിങ്ങളുടെ വാഗ്ദത്തങ്ങൾ തക്കസമയത്ത് നിറവേറും. നിങ്ങളെ ശക്തനാക്കുന്നവൻ നിങ്ങളോട് കൂടെ ഉണ്ട്.

ദാവീദ് പറയുന്നത് എന്റെ ബലം എന്റെ ശൈലം എന്റെ കോട്ട. എന്റെ രക്ഷകൻ എന്റെ പരിച. എന്റെ കൊമ്പ്. എന്റെ ഗോപുരം അതായത് യഹോവ എനിക്ക് എല്ലാറ്റിലും എല്ലാമാണ്. യഹോവ ഒഴികെ എനിക്ക് ആരുമില്ല. നമുക്ക് പ്രതികൂലമായിരിക്കുന്ന കാര്യങ്ങളെ ദൈവം തന്റെ കരത്തിൽ എടുത്ത് നമുക്ക് അനുഗ്രഹമാക്കി തീർക്കും. ദൈവം തന്റെ മക്കൾക്കു വേണ്ടി ഒരുക്കിയിരിക്കുന്നത് ഹൃദയത്തിലോ ചിന്താമണ്ഡലത്തിലോ നിരൂപിക്കുവാനും ഉൾക്കൊള്ളുവാനും സാദ്ധ്യമല്ല. അത്രയും ശ്രേഷ്ഠമാണത്. ദൈവം തന്റെ മക്കളോട് കരുണയുള്ളവനാണ്. ദൈവീക കല്പനകൾ പ്രമാണിക്കുന്നവർക്ക് മാത്രമേ സ്വർഗ്ഗീയ നഗരത്തിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവു തന്നേ നോക്കുന്നു

യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യാശയ്ക്കായി കാത്തുകൊണ്ട് ഭക്തികേട് പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചും വളർത്തുന്നു (തീത്തോ. 2:13). നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തേജസ്സന്റെ പ്രത്യാശയെന്നുള്ള പഠിപ്പിക്കൽ അതുവെറുതെയുള്ളതല്ല. നമ്മൾ എല്ലാവരും അവന്റെ വരവിനായിട്ട് കാത്തിരിക്കുന്നവരാണ്. വലിയ പ്രത്യാശയോടുകൂടി പറഞ്ഞുതീരാത്ത സന്തോഷത്തോടെയുള്ള വളരെ ആവേശകരമായ ആ കൂടിക്കാഴ്ചക്കായിട്ട് നമ്മൾ ആയിരിക്കുമ്പോൾ നമുക്ക് വേണ്ടി ക്രൂശിൽ നരിച്ചവർ നല്ലൊരു ജേതസ്സേറിയ ഒരു ഭാവി നമ്മൾക്കായിട്ട് ഒരുക്കിയവൻ.

അവനുവേണ്ടി ജീവിക്കുക

അതുകൊണ്ടു പ്രിയമുള്ളവരെ, നിങ്ങൾ ഇവെക്കായി കാത്തിരിക്കുകയാൽ അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചുകൊണ്ടു നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ (2പത്രൊ. 3: 14). പ്രിയരെ നമ്മുടെ ജീവിതം ഈ ഭൂമിയിലുള്ളതുതികച്ചും വ്യത്യസ്തമായിരിക്കണം. സാധാരണ ജീവിതങ്ങൾ ജീവിക്കുന്നതുപോലെയുള്ള ജീവിതമല്ല കർത്താവ് നമ്മിൽ കൂടി പ്രതീക്ഷിക്കുന്നത്, കാരണം നമ്മുടെ കർത്താവ് വീണ്ടും വരുന്നു. നമ്മുടെ പ്രവർത്തികളെല്ലാം ആ വെളിച്ചത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരിക്കണം.

എത്രയോ വ്യത്യസ്തമായിരിക്കും നമ്മുയൊക്കെയും ചില പ്രിയപ്പെട്ടവർ ഓരോ ദിവസവും ആരംഭിക്കുന്നത്. ഒരുപക്ഷേ ഇന്ന് കർത്താവ് വരും എന്നുള്ള ചിന്തയോടെ ജീവിക്കുവാൻ ആരംഭം ഇടുന്നത് ഇത് നമ്മുടെ ജീവിത പെരുമാറ്റത്തെ വളരെ വിശുദ്ധീകരണത്തിനായിട്ടു സഹായിക്കും. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെതന്നെ നിർമ്മലീകരിക്കുന്നു (1യോഹ. 3:3).

അവനുവേണ്ടി അദ്ധ്വാനിക്കാം

യേശുക്രിസ്തുവിന്റെ റാത്തലിന്റെ ഉപമയിൽ യേശു പറയുന്നത്... ഞാൻ വരുവോളം വ്യാപാരം ചെയ്തുകൊൾവിൻ (ലൂക്കോ. 19:13). നമ്മുടെ കർത്താവു നമുക്ക് ഒരു ജോലി ചെയ്വാൻ തന്നിരിക്കുകയാണ്. ആ ദൗത്യം വളരെ വിശ്വസ്തതയോടുകൂടി നമുക്ക് ചെയ്യാം.

നാം അവനുവേണ്ടി അദ്ധ്വാനിക്കണം. പക്ഷേ ഈ ജോലിയിൽ സ്നേഹത്തെ മറന്ന് കളയാതെ സ്നേഹത്തോടുകൂടി ജോലി ചെയ്യണം. ദിനവും ദൈവത്തിനു നന്ദി കേറ്റുന്ന പൗലൊസ് അപ്പോസ്തലൻ ഓർമ്മപ്പെടുത്തുന്നത്. സ്നേഹപ്രയത്നം എന്നാണ് തെസ്സലോന്യക്കർ ലേഖനത്തിൽ പറയുന്നത് (1തെസ്സ. 1:3) കർത്താവു പറയുന്നത് ഞാൻ നിന്റെ പ്രവർത്തിയും പ്രയത്നവും അറിയുന്നു (വെളി. 2:2) കർത്താവിനുവേണ്ടി നമ്മൾ ജോലി ചെയ്യുന്നതു അതു വെറും ഒരു ജോലിയായിട്ടു ചെയ്യാതെ നാം അവനെ സ്നേഹിക്കുന്നതുകൊണ്ടും അവിടുന്ന് നമ്മോട് നിർദ്ദേശിക്കുന്ന എല്ലാ കർത്തവ്യങ്ങളും സന്തോഷത്തോടെയും ക്ഷമയോടുകൂടിയും ചെയ്യാം. സേവനങ്ങൾ അത് സ്നേഹത്തിൽ ചെയ്യുമ്പോൾ അവിടെ ഫലങ്ങൾ പുറപ്പെടും. അതുപോലെ വളരെ അംഗീകാരങ്ങളും പ്രാപിക്കും.

അവനുവേണ്ടി നമ്മൾ ജോലി ചെയ്യണം. കാരണം അനേകം വയലുകൾ കൊയ്ത്തിനു പാകമായിരിക്കുകയാണ്. ഈ അല്പസമയത്തു നമ്മുടെ ജീവതത്തിൽ നമ്മുടെ പ്രാർത്ഥന ഇപ്രകാരമായിരിക്കട്ടെ. അങ്ങനെ ലോകത്തിന്റെ അറ്റത്തോളം ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ കർത്താവ് സഹായിക്കുകയും രക്ഷിക്കപ്പെടാത്തവർ രക്ഷിക്കപ്പെടുവാനുള്ളവർ രക്ഷയിലേക്കു വരുവാനും ഇടവരും. കർത്താവിന്റെ വരവിനു മുമ്പായിട്ടാണ് നമുക്ക് ധാരാളം കാര്യങ്ങൾ ചെയ് വാൻ ഉണ്ട്. അതോടൊപ്പം ധാരാളം സൂചനകൾ അവിടുത്തെ വരവിനെകുറിച്ചുള്ളത് നല്കിയിരിക്കുന്നു. അതെ കർത്താവ് വേഗം വരും. കലപ്പയ്ക്കു കൈ വച്ചവൻ പിൻമാറരുത്. ഭാരങ്ങൾ എല്ലാം ഒരു ഭാഗത്ത് വയ്ക്കാം. തടസ്സങ്ങൾ എല്ലാം മാറ്റാം. കർത്താവ് വരുന്നു. ദശലക്ഷകണക്കിനു ആൾക്കാർ രക്ഷിക്കപ്പെട്ടിട്ടില്ല. അവ

(ശേഷം 6-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(1-ാംപേജിന്റെ തുടർച്ച)

ദൈവത്തിന്റെ കൂടെയുള്ളവേലക്കാർ

യ്ക്കപ്പെട്ടതുപോലെ ദൈവപ്രവൃത്തികൾ എല്ലാം മറയ്ക്കപ്പെട്ടിരിക്കുന്നത്.

ദൈവത്തിന്റെ പ്രവർത്തികൾ സാവധാനത്തിൽ ഉള്ളത്

അപ്പോസ്തലനായ യാക്കോബ് ലേഖനം എഴുതുമ്പോൾ പറയുന്നത്, “ കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വില.യേറിയ ഫലത്തിനു കാത്തുകൊണ്ടു മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ” (യാക്കോ. 5:7). ദൈവത്തിന്റെ കൂടെ വിന്ന് പ്രവർത്തിക്കുന്നവരാണ് നാം എങ്കിൽ തീർച്ചയായിട്ടും ക്ഷമാശീലം ഉള്ളവരായിരിക്കണം. അവൻ ഒരിക്കലും പെട്ടെന്നു ധൃതിയോടെ കാര്യങ്ങൾ ചെയ്യുന്നില്ല. അവിടുന്ന് നിത്യതയുടെ കർത്താവാണ്. കടന്നുപോയ ഇന്നലെകൾ പോലയാണ്. അവന് ആയിരം വർഷങ്ങൾ. അവൻ തന്റെ ഇഷ്ടപ്രകാരം സമയങ്ങളിൽ പ്രവൃത്തിക്കുന്നവനാണ്, ഒരിക്കലും നമ്മുടെതുപോലെ അല്ല. അവനെ വിളിച്ചിരിക്കുന്നത് ക്ഷമയുള്ള ദൈവം എന്നാണ് (റോമ.15:5). ഒരു കാര്യം ചിന്തിക്കുക; കർത്താവായ യേശുക്രിസ്തുവിന്റെ ഈ ലോകാവതാരത്തിനായിട്ടു നൂറ്റാണ്ടുകളുടെ ഒരുക്കങ്ങൾ/ ക്രമീകരണം ദൈവം ലോകത്തിൽ ചെയ്തിരുന്നു. ഇതുപോലെ തന്നേ എത്രയോ കാലഘട്ടങ്ങളിലായി ക്ഷമയോടെ അവന്റെ മഹത്വ പ്രത്യക്ഷതയ്ക്കായിട്ടു കർത്താവു കാത്തിരിക്കുന്നു. അവന്റെ കിരീടാധാരണത്തിനായിട്ടു ക്ഷമയോട് അവൻ കാത്തിരിക്കുകയാണ്. നമ്മൾ എല്ലാവരും അവന്റെ കൂട്ടുവേലക്കാരാണ്. അപ്പോസ്തനായ പൗലൊസ് എഴുതുന്നത് ദൈവത്തിന്റെ സ്നേഹത്തിലേക്കു ക്രിസ്തുവിന്റെ സഹിഷ്ണതയിലേക്കു തിരിക്കുമാറാകട്ടെ (2തെസ്സ. 3:5).

ദൈവത്തിന്റെ പ്രവൃത്തികൾ എല്ലാം തന്നെ നമ്മുടെ മനസ്സിലാക്കലിന് അതീതമാണ്.

എങ്ങനെ അല്ല എന്ന് അവൻ അറിയുന്നു. ദൈവത്തിന്റെ വിശാലമായ പ്രവർത്തികളെകുറിച്ച് നമുക്കുള്ള അറിവുകൾ വളരെ അലപം മാത്രം ആണ്. നമ്മൾക്കാണെങ്കിൽ നമ്മുടേതായ ആശയങ്ങൾ ഉണ്ട്. അത് എങ്ങനെയെങ്കിലും നടപ്പിൽ ആക്കുവാൻ വേണ്ടി കിണഞ്ഞ് പരിശ്രമിക്കു, എന്നിട്ടു അതിൽ എത്രശതമാനം ആണ് വിജയിച്ചിട്ടുള്ളത്. പലതും നമ്മൾക്ക് നഷ്ടപ്പെട്ടിട്ടില്ലെ! ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട കാര്യം നമ്മൾ നമ്മെ തന്നേ പൂർണ്ണമായിട്ട് സമർപ്പിച്ച് കൊടുത്തുകൊണ്ട് ക്ഷമയോട് ആയിരിക്കുക. അവന്റെ പ്രവർത്തികൾ ആർക്കു ഗ്രഹിച്ചറിയുവാൻ സാധ്യമല്ല. നമ്മൾ അവിടുത്തെ പരമാധികാരത്തെ ശിരസ്സാ അംഗീകരിക്കുക. അവന്റെ പഠിപ്പിക്കലുകൾക്കു മുമ്പാകെ സമർപ്പിക്കുക, അവിടുത്തെ പ്രകാശത്തിനും നടത്തിപ്പിനുമായിട്ട് ആഗ്രഹിച്ച് അപേക്ഷിക്കുക. അല്ലാത്ത പക്ഷം നമ്മൾ വീണ്ടും മാനുഷിക ബുദ്ധിയിൽ കുടുങ്ങി, കുഴിയിൽ വീണ്, സങ്കുചിത മനോഭാവത്തോടെ ദൈവപ്രവർത്തികളെ കാണുകയും അവന്റെ വിശാലവും, നിഗൂഢവുമായ ദൈവപ്രവർത്തികളെ കുറിച്ചുള്ള അറിവില്ലാത്തവരായിട്ട് അവന് എതിരായിട്ട് നമ്മൾ മാറുകയും ചെയ്യും.

ജെ.ബി.ഫിലിപ്പ് വീണ്ടും ഇവിടെ പറയുകയാണ്. ദൈവത്തിന്റെ വഴികളെകുറിച്ച് അടുത്ത ഒരു മനുഷ്യനെക്കാൾ അധികമായിട്ട് അറിയുവാൻ വേണ്ടി ഞാൻ അഭിനയിക്കുകയില്ല, എന്നാൽ ഇത് വളരെ നല്ല രീതിയിൽ അനുയോജ്യമായതു പഠിച്ച് ഗ്രഹിക്കുവാൻ സാധിക്കുന്നതുമാണ്. ദൈവം എന്തെല്ലാം ചെയ്യുന്നു, എന്തെല്ലാം അവിടുന്ന് ചെയ്യുന്നില്ല, എന്നത് തന്റെ പ്രവൃത്തികളിൽ കൂടി കാണാൻ സാധിക്കുന്നു. ഈ സങ്കീർണ്ണമായതു, മാറ്റങ്ങൾക്ക് സദാസമയം വിധേയപ്പെടുന്നതു ശിഥിലമാക്കുകയും ചെയ്യുന്ന ലോകത്തിൽ തീർച്ചയായിട്ടു നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. കർത്താവ് ഇവിടെ എന്താണ് ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്നതുമായ കാര്യങ്ങൾ നാം അംഗീകരിക്കേണം. ഒരു പക്ഷേ നമ്മുടെ ആത്മവീര്യം നഷ്ടപ്പെടുത്തുന്നതും വളരെ കയ്പോടെ നാം നിരാശപ്പെട്ടിരിക്കുകയും അവർ എന്തുകൊണ്ടെന്നാൽ നമ്മൾ പ്രതീക്ഷിച്ചതു അല്ല പ്രവർത്തിക്കുന്നത്.

ദൈവം തന്നേയാണ് തന്റെ വ്യാഖ്യാതാവ്. അവന്റെ എല്ലാ നിഗൂഢമായ പ്രവർത്തികൾക്ക് മുമ്പാകെ നമുക്ക് വണങ്ങാം.

ദൈവത്തിന്റെ പ്രവർത്തികൾ തീർച്ചയുള്ളതാണ്

വിത്ത് തീർച്ചയായിട്ട് തളിർക്കുകയും വളരുകയും ചെയ്യും. കർത്താവിന്റെ എല്ലാ പ്രവർത്തികൾക്കു തീർച്ചയായിട്ടു ഫലം ഉണ്ടായിരിക്കും. അത് വേഗത്തിലോ സാവകാശത്തിലോ പ്രത്യക്ഷപ്പെട്ടാലും ആവാം. ആരൊക്കെയാണ് അവമുമായിട്ടു ചേർന്ന് നിന്ന് അദ്ധ്വാനിക്കുന്നത്/വേല ചെയ്യുന്നത്, അവരുടെ ഹൃദയത്തിൽ പ്രതീക്ഷയുള്ളവരായിരിക്കണം, വിത്തു ചുമന്നു കരഞ്ഞു വിതെച്ചും കൊണ്ടു നടക്കുന്നു; കറ്റ ചുമന്നും ആർത്തും കൊണ്ടു വരുന്നു (സങ്കീ. 126:6). ഒരു പക്ഷേ പ്രകൃതിയുടെ ദോഷം കൊണ്ട് കൊയ്ത്തു സമയത്തു പരാജയം സംഭവിച്ചേക്കാം; എന്നാൽ ആത്മീക വീക്ഷണത്തിൽ അവിടെ പരാജയം സംഭവിക്കുന്നില്ല. ദൈവത്തിന്റെ പ്രവർത്തികൾക്ക് തീർച്ചയായിട്ടു ഫലം ഉണ്ടായിരിക്കും.

അവന്റെ ഉദയം പ്രഭാതംപോലെ നിശ്ചയമുള്ളതുപോലെ തന്നേ നമ്മുടെ അടുക്കൽ വരും (ഹോശെയാ 6:3). നിനക്ക് അറിവുള്ളതുപോലെ രാത്രിയുടെ വളരെ ഇരുണ്ടതു കൂരിരുട്ടിന്റെ സമയങ്ങൾ മാറിയിട്ട് വെളിച്ചത്തിന്റെയും വ്യക്തതയുടെയും പകൽ വരുന്നതുപോലെ, അവന്റെ പ്രഭാതം പുലരുമ്പോൾ നമ്മുടെ അദ്ധ്വാനത്തിന്റെ എല്ലാ ഫലങ്ങളും നമുക്ക് കാണുവാൻ കഴിയും. അതുകൊണ്ടാണ് സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നതു, “ എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം ആയകാര്യം സാധിപ്പിക്കുകയും ചെയ്യും” (യെശ. 55:11) ❖

(2-ാംപേജിന്റെ തുടർച്ച)

സത്യസഭ

കൻ ഒരു ഇടയൻ, ഒരു പ്രധാന ബിഷപ്പ്, അത് കർത്താവായ യേശുക്രിസ്തുവാണ്. അവൻ മാത്രം, അവിടുത്തെ ആത്മാവിനാൽ, ഈ സഭയിലെ അംഗങ്ങൾക്ക് പ്രവേശനം നല്കുന്നത്, അങ്ങനെയൊക്കെയാണെങ്കിലും ശുശ്രൂഷകന്മാർ ആ വാതിൽ വെളിപ്പെടുത്തുന്നു. അവിടുന്ന് ആ വാതിൽ തുറക്കുന്നതുവരെയും ലോകത്തിലെ ഒരു വ്യക്തിക്കു അതു തുറക്കുവാൻ സാദ്ധ്യമല്ല. ബിഷപ്പിനോ, പ്രസ്ബിറ്ററിനോ, സീനഡുകൾക്കോ, വിദ്വത് സദസ്സിനോ ആർക്കും സാദ്ധ്യമല്ല. ഒരിക്കൽ ഒരു വ്യക്തി പശ്ചാത്തപിച്ച് കുറവുകൾ കർത്താവിന്റെ സന്നിധിയിൽ ഏറ്റപറഞ്ഞു ഉപേക്ഷിച്ചു മനസ്സു പുതുക്കി രൂപാന്തരപ്പെടുമ്പോൾ അവൻ യേശുക്രിസ്തുവിന്റെ സഭയിലെ അംഗം ആയിതീരുന്നു.

((ശേഷം 5-ാം പേജിൽ)

ഈ സഭയുടെ നിലനില്പ്

(4-ാംപേജിന്റെ തുടർച്ച)

സത്യസഭ

ഒരിക്കലും ഒരു തരത്തിലുമുള്ള ആകൃതിയെയോ, ആചാരങ്ങളെയോ ഭദ്രാസനപള്ളിയെയോ, പള്ളികളെയോ, ചാപ്പലുകളെയോ പ്രസംഗപീഠത്തെയോ ജ്ഞാനസ്നാനതൊട്ടിയെയോ, ചമയവസ്ത്രത്തെയോ, അഭിപ്രായത്തെയോ സംഭാവന നല്കുലുകളെയോ, സമ്പത്തിനെയോ, രാജാക്കന്മാരെയോ ഗവൺമെന്റുകളെയോ, നീതിന്യായപീഠത്തെയോ അല്ലെങ്കിൽ വേറെ ഏതെങ്കിലും മാനുഷികമായിട്ടുള്ള പ്രീണനത്തിന്റെയോ അങ്ങനെയുള്ള ഒന്നിനെയും ഒരിക്കലും ആശ്രയിച്ചല്ല ഈ പറയപ്പെട്ടതെല്ലാം ഉള്ളപ്പോൾ തന്നെയാണ് കർത്താവിന്റെ സഭ കഴിഞ്ഞ നൂറ്റാണ്ടുകളിൽ നിലനിന്നിരുന്നതും ഇപ്പോഴും നിലനിൽക്കുന്നതും. പലപ്പോഴും സഭ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേയ്ക്കു മാറേണ്ടി വന്നിട്ടുണ്ട്. മരുഭൂമിയിൽ കൂടിയും, ഗുഹകളിലും ഭൂമിയുടെ ദ്വാരങ്ങളിലും ഇവിടെയും സഭയ്ക്കു നിലനിൽക്കേണ്ടി വന്നിട്ടുണ്ട്. കർത്താവായ യേശുക്രിസ്തുവിലും, പരിശുദ്ധാത്മാവിലും മാത്രമാണ് ഇതിന്റെ ആശ്രയത്വം അല്ലാതെ വേറൊരു സ്ഥലവും ഇല്ല. ഇങ്ങനെയാണ് സഭ വളർന്ന് കൊണ്ടിരിക്കുന്നത്. അതെ കർത്താവിന്റെ സഭയ്ക്കു മരണം ഇല്ല.

ഈ സഭയിൽ വേദപചനത്തിന്റെ മഹത്വവും, അനുഗ്രഹങ്ങളും വരുവാനുള്ള മഹത്വത്തിന്റെ വാഗ്ദത്തവും പ്രത്യേകിച്ച് ഇതിന്റെ ഭാഗം ആയിരിക്കുന്നു. ഇത് ക്രിസ്തുവിന്റെ ശരീരം ആകുന്നു. ഇത് ക്രിസ്തുവിന്റെ ആട്ടിൻകൂട്ടം ആകുന്നു. ഇത് വിശ്വാസത്തിന്റെ ഭവനവും ദൈവത്തിന്റെ കെട്ടിടവും ആണ്. ഇത് ദൈവത്തിന്റെ കെട്ടിടം ആണ്. അതെ ദൈവം ആയവൻ അടിസ്ഥാനം ഇട്ടതു പരിശുദ്ധന്റെ നിവാസവും ആകുന്നു. ഇത് ആദ്യജാതന്റെ സഭയാണ്, അവന്റെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു ഇത് രാജകീയ പുരോഹിതവംശമാണ്. ഇത് തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടമാണ്. പ്രത്യേകത ഉള്ള വർഗ്ഗജനം, വാങ്ങി സ്വന്തമാക്കിയത്, ലോകത്തിന്റെ പ്രകാശമായത്, ഭൂമിയുടെ ഉപ്പും ഗോതമ്പുമാണിത്. അപ്പോസ്തലന്മാരിൽ ജന്മം എടുത്ത ശ്രേഷ്ട വിശുദ്ധ കർത്താവിന്റെ അനുഗ്രഹീതമായ മണവാട്ടി സഭയാണിത്. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു അവൻ വീണ്ടും പറയുന്നു. " ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിചെയ്തു" (മത്താ. 16:18, 28:20).

ഈ സഭയിൽ ശരിയായ ഐക്യത ഉണ്ട്.

ഈ സഭയിലെ അംഗങ്ങളെല്ലാവരും ഒരേ ആത്മാവിനാൽ പഠിക്കപ്പെട്ടവരും എല്ലാവരും ഐക്യകയോടുകൂടി നിലനില്ക്കുന്നവരുമാണ്. പിതാവിനെ കുറിച്ചു ക്രിസ്തുവിനെ കുറിച്ചു പരിശുദ്ധാത്മാവിനെകുറിച്ചു പാപത്തെകുറിച്ചുള്ളതെല്ലാം അവരുടെ ഹൃദയത്തിൽ ഉണ്ട്. വിശ്വാസവും പശ്ചാത്താപത്തെ കുറിച്ചും വിശുദ്ധിയുടെ ആവശ്യകതയെ കുറിച്ചും, വിശുദ്ധ വേദപുസ്തകത്തിന്റെ മൂല്യത്തെകുറിച്ചും പ്രാർത്ഥനയുടെ പ്രാധാന്യത്തെകുറിച്ചു പുനരുത്ഥാനത്തെകുറിച്ചും വരുവാനുള്ള ന്യായവിധിയെകുറിച്ചു ഇവ എല്ലാറ്റിനെകുറിച്ച് അവരെല്ലാവരും ഒരേ മനസ്സുള്ളവരാണ്. ഇവരിൽ മൂന്ന് നാല് എണ്ണത്തെ എടുത്താൽ ഒന്ന് മറ്റൊന്നിനോട് അപരിചിതമായിട്ട് തോന്നാം. കാരണം ഭൂമിയുടെ ഒരു അറ്റത്തു നിന്ന് മറ്റെ അറ്റം വരെയുള്ളതുകൊണ്ട്, എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ അവരെ പരിശോധിച്ചാൽ എല്ലാവർക്കും ഒരേ വിധി ന്യായത്തിലാണെന്ന് കാണാം.

ഈ ഒരു സഭ മാത്രമായ സത്യമായ/ ശരിയായ വിശുദ്ധീകരണത്തിലുള്ളത്. ഇതിലെ അംഗങ്ങളെല്ലാവരും വിശുദ്ധരാണ്. ഈ വിശുദ്ധി സാധാരണ പുറമേയുള്ള ജീവിതത്തിലുള്ളതുപോലെ അല്ല. അവർ അവരുടെ പേരിൽ തന്നേ വിശുദ്ധന്മാരാണ്. അവരുടെ ദാനധർമ്മങ്ങളിൽ അവർ വിശുദ്ധന്മാരാണ്. അവരുടെ ചലനങ്ങളിലും പ്രവർത്തികളിലും സംസാരത്തിലുമെല്ലാം തന്നേ വിശുദ്ധന്മാരാണ്. അവർ സത്യസന്ധന്മാരും സത്യത്തിനു വേണ്ടി നിലനില്ക്കുന്നവരുമാണ്. അവർ എല്ലാവരും കർത്താവിന്റെ പ്രതിരൂപ പുരുഷന്മാരാണ് ഈ ഭൂമിയിൽ. ഒരു അശുദ്ധനും കർത്താവിന്റെ സഭയുടെ ഭാഗം അല്ല.

ഈ ഒരു സഭമാത്രമാണ് സത്യത്തിൽ കാത്തോലിക സഭ. കത്തോലിക്ക എന്ന നാമം ഇവിടെ എഴുത്തുകാരൻ ചേർത്തിരിക്കുന്നത് റോമൻ കത്തോലിക സഭയെ അല്ല. പൊതുവായിട്ട് മുഴുവനായിട്ട് എന്നുള്ള ധ്വനി ലഭിക്കുന്നതിനായിട്ട് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ലോകത്തിലുള്ള എല്ലാ സത്യ സഭയിലെ അംഗങ്ങളെയും ഒരുമിച്ച് കൂട്ടിച്ചേർത്ത് ഇവിടെ പറഞ്ഞിരിക്കുന്നതാണ് ഇത്. ഈ സഭ ഒരു ദേശത്തിന്റെയോ. വ്യക്തിയുടെ, രാജ്യത്തിന്റെയോ അല്ല. ഇതിലെ ജനങ്ങൾ എല്ലാവരും ലോകത്തിൽ ജീവിക്കുന്നതു സുവിശേഷം സ്വീകരിക്കപ്പെട്ടവരും, അതിൽ വിശ്വസിച്ചവരും ആണ്. ഇതു ഒരു രാജ്യത്തിന്റെയും നിയന്ത്രണപ്രകാരം നിയന്ത്രിതമല്ല. അല്ലെങ്കിൽ യാതൊരു ഗവൺമെന്റെയും ഇച്ഛാനുവർത്തികളായിട്ട് നില്ക്കുന്നവരും കിഴക്ക് പടിഞ്ഞാറ് വടക്ക് തെക്ക് ഭാഗങ്ങളിൽ നിന്ന് ലോകത്തിന്റെ വിവിധ ഇടങ്ങളിൽ നിന്ന് എല്ലാ നാമങ്ങളിൽ നിന്ന് എല്ലാം ഭാഷകളിൽ നിന്നു യേശുക്രിസ്തുവിന്റെ നാമത്തിൽ ഒന്നായി തീർന്നവരാണ്.

ഈ ഒരു സഭയാണ് സത്യത്തിൽ അപ്പോസ്തലിക ഉപദേശപ്രകാരം ഉള്ളത്. ഈ സഭയുടെ അടിസ്ഥാനം അപ്പോസ്തലന്മാരിലാണ് ഇട്ടിരിക്കുന്നത്. അതോടൊപ്പം തന്നേ അവർ പ്രസംഗിച്ചതു പഠിപ്പിച്ചതുമായ അടിസ്ഥാന ഉപദേസങ്ങളിലുള്ളതുമാണ്. വളരെ പ്രധാനപ്പെട്ട രണ്ട് ലക്ഷ്യങ്ങളാണ് ഈ സഭയിലെ അംഗങ്ങൾക്ക് ഉള്ളത്, അവകൾ അപ്പോസ്തലന്മാരുടെ വിശ്വാസവും അപ്പോസ്തലന്മാരുടെ പ്രവർത്തന രീതികളുമാണ്. അതുകൊണ്ട് അവർ ചിന്തിക്കുന്നത് ഈ രണ്ടു പ്രമാണങ്ങൾ കാത്തു സൂക്ഷിക്കാത്ത ഒരുവനു മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളത്തെക്കാൾ നന്നല്ല എന്ന്.

ഈ ഒരു സഭ മാത്രമാണ് അവാസനത്തോളം സഹിച്ച് നില്ക്കുന്നത്. യാതൊന്നിനെയും ഒരുമിച്ച് നശിപ്പിക്കുവാനോ, പുറത്ത് എറിഞ്ഞുകളയുവാനും കഴിയുകയില്ല. ഈ സഭയുടെ അംഗങ്ങൾ വളരെയാതനകളിലും ഉപദ്രവങ്ങളിലും കഷ്ടപ്പെടുന്നവരായിരിക്കാം, അടിച്ചമർത്തപ്പെട്ടവരായിരിക്കാം, ജയിലിൽ അടയ്ക്കപ്പെട്ടവരായിരിക്കാം, മർദ്ദിക്കപ്പെട്ടവരായിരിക്കാം, ശിരഛേദം ചെയ്തവർ ആയിരിക്കാം, അഗ്നിയിൽ വെന്ത് എരിഞ്ഞവരായിരിക്കാം, എന്നാലും സത്യസഭയെ ആർക്കും ഒരുമിച്ച് നശിപ്പിച്ച് കളയുവാൻ സാധ്യമല്ല. ഈ സഭ അവളുടെ പ്രതിസന്ധികളിൽ നിന്നു/ പ്രതികൂലങ്ങളിൽ നിന്നു വീണു എഴുന്നേറ്റ് വരും. ഇവൾ വെള്ളത്തിലും അഗ്നിയിലും ജീവിക്കുന്നതാണ്. ഏതെങ്കിലും ഒരു രാജ്യത്ത് അവൾക്ക്

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

സത്യസഭ

നാശം സംഭവിച്ചാൽ, വേറൊരു രാജ്യത്ത് അവൾ ക്ക് സമൃദ്ധിയായിട്ട് വളരുവാൻ കഴിയുന്ന സാഹചര്യം ആയിരിക്കും ഉള്ളത്. ചരിത്രത്തിലെ പ്രധാനപ്പെട്ടവരായ നീറോ ചക്രവർത്തിയും, ഫറവോനും ഹേരോദാവും, ഇവരെല്ലാം വെറുതെ അധികം പ്രവർത്തിച്ചും ഏതെങ്കിലും തരത്തിൽ കർത്താവ് തന്റെ അമൂല്യമായ രക്തം കൊ ടുത്തു വിലെക്കു വാങ്ങിയ തന്റെ മണവാട്ടിയായ വിശുദ്ധ സഭയെ ഏതെങ്കിലും തരത്തിൽ തകർത്ത് ഭൂമിയുടെ മുകൾപരപ്പിൽ തന്നേ എന്നെന്നേക്കുമായിട്ട് തുടച്ച് നീക്കുവാൻ. എന്നാൽ ഇവരുടെ യെല്ലാം പ്രയത്നവും വ്യഥാവായി തീർന്നു. ഇവർ ആയിരിക്കണക്കിന് വിശുദ്ധന്മാരെ കൊലപ്പെടുത്തി. അനേകരെ അവരുടെ വാസസ്ഥലത്തു നിന്നു ഓടിച്ച് കളഞ്ഞു. എന്നാൽ സത്യസഭ ഇവിടെയെല്ലാം അതിജീവിച്ചു. അവളുടെ ശത്രുവിനെ നശിപ്പിക്കുവാനും സാധിച്ചു. ഈ ലോകത്തെ ഒരു ചുറ്റിക കൊണ്ടു തകർക്കുന്നത് അസാധ്യമായ ഒരു കാര്യമാണ്. എന്നാൽ ഇവിടെ കർത്താവ് തന്റെ ചുറ്റിക ഉപയോഗിച്ച് ലോകത്തെ തച്ചുടക്കുകയാണ് ചെയ്യുന്നത്. ഈ മുൾപ്പടർപ്പ് ഇന്നു നിന്ന് കത്തി ജ്വലിക്കുകയാണ്, എങ്കിലും അത് എരിഞ്ഞ് ഭസ്മം ആകുന്നില്ല.

ഈ സഭയാണ് ഭൂമിയിൽ ക്രിസ്തവിന്റെ പ്രവർത്തികൾ ചെയ്യുന്നത്. ഈ സഭയിലെ അംഗങ്ങളെല്ലാം ഒരു ചെറിയ ആട്ടിൻകൂട്ടം ആണ്, ലോകത്തിലെ ജനത്തിന്റെ ഒരു ചെറിയ എണ്ണം/ അംഗങ്ങൾ മാത്രമുള്ളത്. ഒന്നോ രണ്ടോ ഇവിടെ,, രണ്ടോ മൂന്നോ അവിടെ. കുറച്ച് അംഗങ്ങൾ ഈ പള്ളിയിൽ, ബാക്കി കുറെ എണ്ണം വേറൊരു പള്ളിയിൽ ബാക്കി കുരെ എണ്ണം വേറൊരു പള്ളിയിൽ. എന്നാൽ എണ്ണത്തിൽ കുറവുള്ള ഉള്ള ഇവരാണ് ഈ ലോകത്തെ തന്നേ കീഴ്മേൽ മറിക്കുന്ത്. ഈ ചെറിയ കൂട്ടം ആണ് സാമ്രാജ്യങ്ങളുടെ ഭാവിയെ അവരുടെ പ്രാർത്ഥനകൾ കൊണ്ട് മാറ്റി മറിക്കുന്നത്. ഈ ചെറിയ കൂട്ടം ആണ് അവരുടെ ഉത്സാഹപൂർണ്ണമായ പ്രവർത്തനത്തിൽ കൂടി വിശുദ്ധവും കളങ്കപ്പെടാത്തതുമായ യേശുക്രിസ്തുവിന്റെ രാജ്യത്തെ കുറിച്ചുള്ള ജ്ഞാനത്തെ ലോകത്തിൽ പ്രചരിപ്പിക്കുന്നത്. ഈ ചെറിയ കൂട്ടം ആണ് ഒരു രാജ്യത്തിന്റെ തന്നേ രക്തവും ശരീരവും പരിചയും പ്രതിരോധവും നിലനില്പും. ഏത് രാജ്യത്തു ദൈവമക്കൾ ഉണ്ടോ അവർ ആ രാജ്യത്തിന്റെ സ്വസ്ഥതയ്ക്കു സുരക്ഷയ്ക്കു വളർച്ചയ്ക്കു നിർണ്ണായകമായ സ്ഥാനം വഹിക്കുന്നു.

ഈ സഭയാണ് അവസാനത്തിൽ പ്രശോഭ പൂരിതമാകുന്നത്. ലോകത്തിലെ എല്ലാം പ്രകാശങ്ങളും കത്തി എരിഞ്ഞ് അടങ്ങുമ്പോൾ അപ്പോൾ യേശുക്രിസ്തുവിന്റെ വിശുദ്ധ സഭ യാതൊരു കറയും, ചുളക്കവും കൂടാതെ പിതാവായ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പാകെ പ്രശോഭിക്കുവാൻ തുടങ്ങും. എല്ലാ അധികാരങ്ങളും എല്ലാ വാഴ്ചകളും എല്ലാ കിരീടങ്ങളും എല്ലാ നാമങ്ങളും എല്ലാ ശക്തികളും അങ്ങനെ ഈ ലോകത്തിലെ എല്ലാ മഹത്തുക്കളും ഒന്നും ഇല്ലാത്തവരായി /നിഷ്ക്രിയത്വം ഉള്ളവരായി തീരുന്നു. ഈ സമയം ആദ്യജാതന്റെ അവകാശമായ തന്റെ സഭ നക്ഷ ക ത്ര ങ്ങ ളെ പ്പോലെ അവസാനം പ്രകാശിക്കുവാൻ തുടങ്ങും. തന്റെ മണവാട്ടിയായ വിശുദ്ധ സഭ. മണവാളനായ യേശുക്രിസ്തു തന്റെ പിതാവിന്റെ മുമ്പാകെ സന്തോഷത്തോടെ സമർപ്പിക്കൂ, അവന്റെ ആ മഹത്വപ്രത്യക്ഷതയുടെ സമയത്ത്.

❖

(3-ാംപേജിന്റെ തുടർച്ച)

ദൈവം തന്നെ നോക്കുന്നു

നെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ എങ്ങനെ രക്ഷിക്കപ്പെടും? അവർ എങ്ങനെ കേൽക്കും ഒരു പ്രസംഗകൻ ഇല്ലാതെ? ധാരാളം പ്രിയപ്പെട്ടവർ രക്ഷിക്കപ്പെടാത്തവരോടു ഇതുവരെയും രക്ഷയുടെ സന്ദേശം പറഞ്ഞിട്ടില്ല. യേശുക്രിസ്തു മരിച്ചത് പാപികളെല്ലാം മാനസാന്തരപ്പെട്ടു ദൈവസന്നിധിയിലേക്കു വരുവാനാണ്. ഇത് നമ്മൾ ചെയ്യുമെന്നാണ് കർത്താവ് പ്രതീക്ഷിക്കുന്നത്. എത്ര സന്തോഷകരമാണ് ഈ സന്ദേശം കൊയ്ത്തിനായിട്ട് പറഞ്ഞിരിക്കുന്നുവെന്നത്.

" ആകയാൽ എന്റെ പ്രീയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ " (1കൊരി. 15:58).

അവനിൽ അണയാം

ദൈവം നമ്മോടുള്ള അവിടുത്തെ സ്നേഹത്താൽ വാഗ്ദാനം ചെയ്തിരിക്കുന്ന ആ മനോഹരവും അത്ഭുതകരവുമായ സ്വർഗ്ഗീയ ഭവനത്തിലേക്കു നമ്മെ കൊണ്ടുപോകുവാൻ വേഗത്തിൽ വരുമെന്നും അങ്ങനെ അനന്തയുഗം കർത്താവിനോട് ചേർന്ന് നാം നിത്യസന്തോഷത്തിൽ വാണിടുമെന്നുള്ളതുകൊണ്ട് ഇപ്പോൾ നമുക്ക് അവനിൽ അണയാം. അവിടുന്ന് അത്രയും വിദൂരമല്ലാത്ത ഭാവികാലത്തു നമുക്ക് ലഭ്യമാകു്ന അനുഗ്രഹത്തെകുറിച്ചു മാത്രമല്ല കർത്താവ് കരുതുന്നത് പ്രത്യുത ഈ മരുഭൂപ്രയാണത്തിൽ നമ്മെ ജയത്തോടെയും അനുഗ്രഹത്തോടെയും നടത്തുവാനും ശക്തനാണ്. നമ്മുടെ എല്ലാ സാഹചര്യങ്ങളും കർത്താവു അറിയുന്നവനാണ്. അവനു സകലവും നിയന്ത്രിക്കുവാനും കഴിയും. അതുകൊണ്ടു എല്ലാം ചേർച്ച ഇല്ലായ്മകളും ആകുലചിന്തകളും, ഭീതികളുമെല്ലാം നമ്മിൽ ഉപേക്ഷിക്കാം. അവന്റെ വരവിന്റെ വെളിച്ചത്തിൽ സ്നേഹിക്കുന്നു. അവൻ അറിയുന്നു, അവൻ കരുതുന്നു. അങ്ങനെ അവന്റെ അനുദിന അനുഗ്രഹങ്ങൾ പ്രാപിച്ചുകൊണ്ട് അവിടുത്തെ വരവേൽക്കാനായിട്ട് കർത്താവ് നമ്മെ സഹായിട്ടെ.

അവനെ സ്നേഹിക്കാം.

...അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു (1 പത്രൊ. 1:8). പരിശുദ്ധാത്മാവ് നമുക്ക് വളരെ അത്ഭുതകരമായ കാര്യങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത് ക്രിസ്തുവിൽ നമുക്ക് വേണ്ടിയും ചെയ്തതാണ്. അവനിൽ നമ്മെ തെരഞ്ഞെടുത്തിരിക്കുന്നു. എത്രയോ പ്രധാനകാര്യമാണ് അവിടുന്ന് കാണിച്ചിരിക്കുന്നത് വചനത്തിൽ കൂടി രക്ഷകനായ കർത്താവ്, അതെ സ്നേഹമുള്ള കർത്താവ് എന്നാൽ എങ്ങനെയാണ് നാം കർത്താവിനെ സ്നേഹിക്കുന്നത്? ❖

കുട്ടികളെ പഠിപ്പിക്കുക ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുവാൻ

By. Kim Butts

അതിനു യേശു : എല്ലാറ്റിലും മുഖ്യകല്പനയോ, യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവു നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം എന്നു ആകുന്നു. രണ്ടാമത്തേതോ കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കണം. എന്നത്രേ. ഇവയിൽ വലുതായിട്ടു മറ്റൊരു കല്പനയും ഇല്ല

(ശേഷം 8-ാം പേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

ദൈവവുമായിട്ടുള്ള ഒരു കൂടിക്കാഴ്ച

എന്താണ് ദൈവത്തിന്റെ ഹൃദയത്തിൽ?

താങ്കൾക്ക് അറിവുണ്ടോ, അവസാനമായിട്ട് ദൈവസന്നിധിയിൽ ആയിരുന്ന സമയത്ത് ദൈവത്തിന്റെ ഹൃദയത്തിൽ എന്തായിരുന്നുവെന്ന്? ദൈവത്തിന്റെ ജനത്തെ കുറിച്ച് കർത്താവിന്റെ ഹൃദയത്തിൽ എന്താണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന്? ജനത്തിന്റെ പാപം മുഖാന്തിരം കർത്താവിന്റെ ഒരു സഭയെ വിളിച്ചിട്ട് പറയുമോ എല്ലാം അവസാനിച്ചിരിക്കുന്നുവെന്ന്? ഒരു സഭ നശിച്ചുപോകുവാൻ ദൈവം അനുവദിക്കുമോ? അവിടുന്ന് എഫെസോസ് സഭയ്ക്കു മുന്നറിയിപ്പ് കൊടുത്തിരിക്കുകയാണ്. നിന്റെ ആദ്യ സ്നേഹം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന്. അവിടെ പറയുകയാണ് എത്ര ഉയരത്തിൽ നിന്നാണ് അവർ വീണിരിക്കുന്നതെന്ന്, അതൊന്നു ഓർക്കുന്നില്ല. അവർ നിരന്തരമായിട്ട് ചെയ്ത പാപങ്ങൾ, അവർ അതൊന്നു ഓർത്തു പശ്ചാത്തപിച്ചില്ല, ദൈവത്തിങ്കലേയ്ക്ക് മടങ്ങി വന്നതും ഇല്ല. അവൻ അവരുടെ ഇടയിൽ നിന്നു നിലവിളക്ക് മാറ്റിയിരിക്കുകയാണ്. അവരെ മടക്കി വരുത്തിയതും ഇല്ല.

താങ്കൾ ചിന്തിക്കുന്നുണ്ടോ, കർത്താവ് താങ്കളുടെ പ്രാർത്ഥന സ്വഭാവത്തെ നിങ്ങൾ ചിന്തിക്കാത്തതു പ്രതീക്ഷിക്കാത്തതുമായ നിലയിലേക്ക് മാറ്റുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന്, അവനുമായിട്ടുള്ള ഒരു പുതിയ ആത്മീക ബന്ധം സ്ഥാപിച്ച്, അവിടുത്തെ തിരുഹൃദയത്തിലുള്ള ചിന്തകൾ താങ്കളുടെ ഹൃദയത്തിലേയ്ക്കു ഒന്നു പകർന്നു അങ്ങനെ ദൈവത്തിന്റെ ഹൃദയം താങ്കളിൽ കൂടി ചില ദൈവപ്രവൃത്തികൾ ചെയ്യുവാനാണ് അവിടുന്ന് ഉദ്ദേശിച്ചിരിക്കുന്നതെന്ന്? മോശെയ്ക്കു മനസ്സിലായി ദൈവത്തിന്റെ തിരുഹൃദയത്തിൽ ഏതാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന്, അവൻ മോശെയ്ക്കു മനസ്സിലായി ദൈവത്തിന്റെ തിരുഹൃദയത്തിൽ എന്താണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന്, അവൻ വളരെ വേഗത്തിൽ കർത്താവിനോട് വളരെ അടുത്ത് ചെന്ന് അവന്റെ മുമ്പാകെ മദ്ധ്യസ്ഥത നടത്തുന്നു. ആ കാലഘട്ടത്തിൽ ദൈവവചനത്തിൽ വിശ്വസിക്കുന്ന മോശെപോലുള്ളവരെ കർത്താവിന് കണ്ടെത്തുവാൻ കഴിഞ്ഞു.

ഇതു തന്നെയാണ് ഇന്നും നമ്മുടെ കർത്താവ് കാണുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതു, നമ്മുടെ രാജ്യത്തിനു വളരെ അത്യാവശ്യമായിട്ട് ലഭിക്കേണ്ടതും. ദൈവത്തിന്റെ ജനത്തിനു മാത്രമേ ഈ വീഴ്ച നികത്തുവാൻ കഴിയൂ. ഒരു രാഷ്ട്രീയ പ്രവർത്തകന് ഇത് ഒരിക്കലും നിരക്കുവാൻ കഴിയുന്ന ഒരു വിടവ് അല്ല. ദൈവമക്കൾക്ക് മാത്രമേ കർത്താവിന്റെ ഹൃദയവേദന എന്താണെന്ന് അറിഞ്ഞ് അതിൻപ്രകാരം പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. ഇത് സാധിക്കുന്നത് കർത്താവുമായിട്ടുള്ള ഒരു നല്ല അടുത്ത ആത്മീക ബന്ധം കാത്തു സൂക്ഷിക്കുന്നതിൽ കൂടി മാത്രമേ സാധ്യമാവൂ. താങ്കളിൽ കൂടി ഇതൊക്കെയും ദൈവം ചെയ്യുവാൻ തയ്യാറുള്ളവനാണോ? താങ്കൾ ദൈവമുമ്പാകെ നിന്നിട്ട് പറയുവാൻ തയ്യാറാണോ, അതെ കർത്താവേ ഞാൻ തയാറാണ് എന്റെ ജീവിതത്തെ കുറിച്ച് അറിയുവാനും അവിടുത്തെ തിരുഹിതം എന്നിൽ കൂടി നിവൃത്തീകരിക്കുവാനും താങ്കൾക്ക് കർത്താവിൽ പൂർണ്ണമായിട്ട് ആശ്രയിക്കുവാനും അവന്റെ ഹൃദയം നിങ്ങളിൽ സ്ഥാപിതമാക്കുവാനും. താങ്കൾ അതിനായിട്ട് തയ്യാറാണെങ്കിൽ കർത്താവ് നിങ്ങളുടെ ജീവിതത്തിൽ നിവർത്തിക്കും. ഈ തലമുറയിൽ സർവ്വശക്തൻ താങ്കളിൽ കൂടി വലിയതും അത്ഭുതകരവുമായ പ്രവർത്തികൾ ചെയ്യുക തന്നെ ചെയ്യും.

തീഷ്ണതയുള്ളതും നിരന്തരമായതും നീണ്ടുപോകുന്നതുമായ പ്രാർത്ഥന

പ്രാർത്ഥന എന്നാൽ ദൈവം നമ്മളിൽ കൂടി എന്തെല്ലാം ആണ് ചെയ്യുവാൻ ഉള്ളത് എന്ന് ദൈവത്തോട് പറയുവാനുള്ള ഒരു അവസരം അല്ല. പ്രാർത്ഥന എന്നാൽ ദൈവത്തിന്റെ തിരുഹൃദയത്തിലും മനസ്സിലുള്ള കാര്യങ്ങൾ നമ്മളോട് അവിടുന്ന് കൃപതോന്നി പറയുന്നതാണ്. അങ്ങനെയുള്ള ഒരു ദൈവവും ആയിട്ടുള്ള ഒരുവന്റെ കണ്ടുമുട്ടൽ അവരുടെ ജീവിതത്തിൽ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്കും പരിവർത്തനങ്ങൾക്കു കാരണം ആകുന്നു. ആ മാറ്റം ഒരുവന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രതിഫലിക്കുന്നു. അവന്റെ നടപ്പ്, സംസാരം, ചിന്ത, പദ്ധതികൾ, വഴികളെ എല്ലാം അത് വ്യക്തമായിട്ട് സ്വാധീനിച്ചിരിക്കുന്നു.

താങ്കൾ ചിന്തിക്കുന്നുണ്ടോ, താങ്കളുടെ രാജ്യം ഒരു പ്രതിസന്ധിയിൽ കൂടിയാണ് കടന്നു പോകുന്നതെന്ന്? താങ്കൾ ചിന്തിക്കുന്നുണ്ടോ ഇതിന് ദ്രുതഗതിയിലുള്ള മാറ്റം വരേണമെന്ന്? താങ്കൾ ചിന്തിക്കുന്നുണ്ടോ ഇതിന് പരിഹാരം വരുത്തുവാൻ സർവ്വശക്തന്റെ കരങ്ങൾക്ക് മാത്രമേ സാധ്യമാകുകയുള്ളൂവെന്നും അവനെ നന്നായി അറിയുന്ന അവന്റെ അഭിഷിക്തന്റെ മദ്ധ്യസ്ഥതയിൽ കൂടി അത് സംഭവിക്കുമെന്നും, നമ്മുടെ ദൈവത്തിന്റെ ഹൃദയത്തിലുള്ളത്, മനസ്സിലുള്ളത് അവന്റെ അഭിഷിക്തൻ അറിഞ്ഞ് ദൈവപ്രവൃത്തി വെളിപ്പെടുവോളം കർത്തൃപാദത്തിൽ ഇരുന്ന് പ്രാർത്ഥന (മദ്ധ്യസ്ഥ) നടത്തുമെന്ന്. ചെറിയ പ്രാർത്ഥനകൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. തീക്ഷണതയുള്ളതു നിരന്തരമായതു നീണ്ടുപോകുന്നതുമായ പ്രാർത്ഥനകളിൽ കൂടിയെ അത് സാദ്ധ്യമാകു.

ലൂക്കോസിന്റെ സുവിശേഷം 18-ാം അദ്ധ്യായത്തിൽ യേശുകർത്താവ് പ്രാർത്ഥനയെ കുറിച്ച് പറയുന്നത് പ്രാർത്ഥന ഒരിക്കലും അവസാനിപ്പിക്കരുതെന്നാണ്. അവിടെ ഒരു വിശദീകരണം കൊണ്ടു വരുന്നു. ഒരു സ്ത്രീയുടെ അന്യായം ന്യായാധിപന്റെ മുമ്പാകെ ബോധിപ്പിച്ചിട്ട് ആ ദുഷ്ടനായ ന്യായാധിപൻ വിധവയായ സ്ത്രീക്കു പ്രതിക്രീയ ചെയ്യുന്നതുവരെയും ആ സാധുവായ സ്ത്രീ തന്നെ ശല്യപ്പെടുത്തികൊണ്ടിരുന്നു. യേശു വീണ്ടും പറയുന്നു. ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രീയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രീയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കോ. 18:7,8). എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്നു കർത്താവു പറഞ്ഞു.

കർത്താവു നമ്മുടെ ഹൃദയങ്ങളെ ഒന്നു പരിശോധിക്കുകയാണെങ്കിൽ അവന് കണ്ടെത്താം ആരൊക്കെയാണ് കർത്താവിൽ വിശ്വസിച്ചിരുന്നതെന്നും, ആരൊക്കെയാണ് അവനെ അറിഞ്ഞിരുന്നതെന്നും, വാസ്തവമായിട്ട് സമർപ്പിച്ചിരുന്നതെന്നും അവന്റെ സന്നിധിയിൽ വളരെ ആത്മാർത്ഥതയോടുകൂടിയും ആവശ്യബോധത്തോടുകൂടിയും പ്രാർത്ഥിച്ചവർ എത്ര പേരുണ്ടെന്ന്? ഈ മണിക്കൂറിൽ ഈ കാലഘട്ടങ്ങളിൽ നമ്മുടെ രാജ്യത്തിന്റെ അവസ്ഥ മനസ്സിലാക്കി എ

(ശേഷം 8-ാം പേജിൽ)

ന്താണോ കർത്താവിന്റെ ഹൃദയത്തിലും മനസ്സിലും ഉള്ളതെന്ന് തിരിച്ചറിഞ്ഞ് തന്റെ മക്കളായ നമ്മൾ അതു അവന്റെ മുമ്പാകെ അറിഞ്ഞ് പ്രാർത്ഥിക്കുവാൻ ആണ് കർത്താവിന് നമ്മെക്കുറിച്ചുള്ള ആഗ്രഹം. ഞാൻ ഇപ്പോൾ നിങ്ങളോട് ഒരു കാര്യം ചോദിക്കട്ടെ, അതായത്, നിങ്ങളുടെ വ്യക്തിപരമായ പ്രാർത്ഥന ജീവിതത്തിൽ, താങ്കളുടെ കുടുംബ പ്രാർത്ഥനയിൽ, ഭാര്യ-ഭർത്താവ് ബന്ധത്തിൽ സഭയിൽ, താങ്കൾക്ക് കഴിയുമോ കർത്താവിന്റെ ഹൃദയത്തിലും മനസ്സിലും എന്തായിരിക്കുമെന്ന്? കർത്താവ് എന്താണ് ഇപ്പോൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് തിരിച്ചറിവുള്ളവനായിട്ട് അതിൽ വളരെ ആത്മഭാരത്തോടും ആവശ്യകതബോധത്തോടു കൂടിയും ഉത്തരവാദിത്വത്തോടുകൂടിയും താങ്കളുടെ കർത്തവ്യം ചെയ്തു കർത്താവിനെ പ്രസാദിപ്പിക്കുവാൻ ആഗ്രഹമുണ്ടോ? അതോ, താങ്കൾ പറയുമോ, അതേ, ഞാൻ ഒരു ദൈവപൈതലാണ്, എന്നാൽ ആത്മാർത്ഥയുള്ളവനായിട്ട് ഞാൻ ഇന്നുവരെയും പ്രാർത്ഥനയിൽ പങ്കെടുത്തിട്ടില്ല.

തിരുവചനം നാം വായിച്ച് ആദിയോടന്തം പഠിക്കുമ്പോൾ കാലകാലങ്ങളിൽ കർത്താവ് എന്തെങ്കിലും പ്രവർത്തിക്കുമ്പോൾ, അവിടുന്ന് അന്വേഷിക്കുന്നത്, അതാണ് പ്രാർത്ഥനയിൽ ആത്മഭാരമുള്ളവനായിട്ട് അവന്റെ മുമ്പാകെ വന്ന് പ്രാർത്ഥിക്കുന്നത് (മദ്ധ്യസ്ഥത) ചെയ്യുന്നത് എന്നുള്ളതാണ്. ഈ പ്രതിസന്ധിയുടെ സമയത്ത് താങ്കൾക്ക് അവരിൽ ഒരുവനായിട്ട് പ്രാർത്ഥിയിൽ കർത്താവിന്റെ മുമ്പാകെ നിൽക്കുവാൻ തയ്യാറാണോ? ഒരു പക്ഷേ ഇപ്പോൾ താങ്കൾക്ക് അറിവില്ലായിരിക്കാം എങ്ങനെയാണ് പ്രാർത്ഥനയിൽ പ്രവേശിക്കേണ്ടതെന്ന്, എന്നാൽ ഒരു കാര്യം അറിയാം, ദൈവത്തിന്റെ ആത്മാവ് താങ്കളോട് പറയുന്നു, സമയം വ്യർത്ഥമാക്കരുത് എന്ന്. കർത്താവ് താങ്കളുടെ ജീവിതത്തെ അന്വേഷിച്ച് കൊണ്ടിരിക്കുകയാണ്. അവിടുന്ന് താങ്കളെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്, അവിടുന്ന് നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന് അങ്ങനെ ലോകചരിത്രത്തിൽ രാജ്യത്തെ ഒരു പരിവർത്തനത്തിലേക്കു നയിച്ചത് താങ്കളുടെ മദ്ധ്യസ്ഥതയിൽ കൂടിയാണെന്ന് ദൈവം ലോകത്തോട് പറയും. അപ്പോസ്തലനായ പൗലൊസ് ഇതിനെ ഇപ്രകാരം ആണ് പ്രസ്താവിച്ചിരിക്കുന്നത്. അതുകൊണ്ടു ശരീരത്തിൽ വസിച്ചാലസും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. ആകയാൽ കർത്താവിനെ ഭയപ്പെടേണം എന്ന് അറിഞ്ഞിട്ട് ഞങ്ങൾ മനുഷ്യരെ സമ്മതിപ്പിക്കുന്നു. എന്നാൽ ദൈവത്തിനു ഞങ്ങൾ വെളിപ്പെട്ടിരിക്കുന്നു. നിങ്ങളുടെ മനസ്സാക്ഷികളിലും വെളിപ്പെട്ടിരിക്കുന്നു എന്നു ഞാൻ ആശിക്കുന്നു" (2കൊരി. 5:9-11).

ചരിത്രത്തെ മാറ്റിമറിക്കുവാൻ, താങ്കളുടെ കുടുംബജീവിതത്തിൽ വ്യത്യാസങ്ങൾ സംഭവിക്കുവാൻ, സഭയിൽ വലിയ മാറ്റങ്ങൾ സംഭവിക്കുവാൻ, താങ്കളുടെ പട്ടണത്തിൽ അല്ലെങ്കിൽ രാജ്യത്ത് വലിയ വ്യത്യാസങ്ങൾ സംഭവിക്കുന്നതിന് തടസ്സമായിട്ട് താങ്കളെ ലക്ഷ്യബോധത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്ന ലക്ഷ്യ ബോധത്തിലേയ്ക്കു നയിക്കുന്ന ഘടകം - ഒരു പ്രാർത്ഥന വീരൻ എന്ന നിലയിൽ അത് വളരെ പ്രധാനപ്പെട്ടതാണ്. എനിക്ക് ഒരു കാര്യം നന്നായിട്ട് അറിയാം, ദൈവം മതിയായവനാണ് നമ്മൾ അവന്റെ മുമ്പിൽ സമർപ്പിക്കുവാൻ ഒന്നു തയ്യാറായാൽ ഈ രാജ്യത്തിന്റെ എല്ലാ മൂലയിലും ദൈവം പ്രവർത്തിക്കുമെന്നു. അവനിൽ ഒരുവനായിട്ട് താങ്കൾക്ക് ആയിതീരാമോ? കർത്താവ് കാത്തിരിക്കുകയാണ്. അടുത്തതായിട്ട് താങ്കൾ എന്താണ് ചെയ്യുവാൻ ശ്രമിക്കുന്നതെന്ന്. ഒരു പ്രാവശ്യം താങ്കൾ ഈ സത്യം ഒന്ന് അറിഞ്ഞിരുന്നുവെങ്കിൽ, താങ്കൾ ഇപ്പോൾ എന്താണ് കർത്താവിൽ വിശ്വസിച്ചത് അതായിരിക്കും അടുത്തതായിട്ട് താങ്കൾ ചെയ്യുവാൻ പോകുന്നത്. ഇത് ഒരു ബാദ്ധ്യതയായിട്ട് കിടക്കുന്നു. ഇപ്പോൾ മനുഷ്യന്റെ നിത്യത ഒരു ത്രാസിലാണ് ആയിരിക്കുന്നത്, അതെ ആ ത്രാസ് താങ്കളുടെ കയ്യിലാണ് ഇപ്പോൾ. ❖

(6-ാംപേജിന്റെ തുടർച്ച)

കുട്ടികളെ പഠിപ്പിക്കുക, ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുവാൻ

എന്നു ഉത്തരം പറഞ്ഞു (മർ.12:29-31).

നാം ഇന്നു ആയിരിക്കുന്നത് വളരെ ആപത്തുള്ള ഒരു സംസ്കാര സമയത്താണ്. നമ്മുടെ ചുറ്റുപാടുമുള്ള സമൂഹം എല്ലാം ദൈവവചനത്തെ ദുഷിച്ച് ജീവിക്കുന്ന മനുഷ്യരുടെ കൂട്ടമാണ്. നമ്മുടെ സമൂഹത്തിലുള്ള കുടുംബങ്ങളും ഇത്ര മോശകരമായ സംസ്കാരത്തിൽ ഇടചേർന്നിരിക്കുകയാണ്. കുട്ടികളോടു നാം എന്താണ് പ്രധാനപ്പെട്ടതെന്ന് ചോദിച്ചാൽ, അവരുടെ പ്രതികരണം അറിയുമ്പോൾ നിങ്ങൾ ഭയപ്പെടും. മാതാപിതാക്കളെ നമ്മുടെ കുട്ടികളെ നല്ല പരിശീലനം നല്കി വളർത്തുവാൻ വേണ്ടിയാണ് ദൈവം നമ്മെ ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നല്ലൊരു ശതമാനം ആൾക്കാർ വളരെ കഷ്ടപ്പെട്ടു ഇടുക്കത്തിന്റെ വഴിയിൽ നടക്കുന്നു, പിശാച് അതേ സമയം പാതകൾക്ക് വിശാലതകൂട്ടി. തിന്മകൾ ചെയ്യുവാൻ മനുഷ്യരെ പ്രേരിപ്പിക്കുകയും മോഹവശങ്ങളിൽ കൂടി അവരെ സ്വാധീനിക്കുകയും ചെയ്യുന്നു.

നിങ്ങൾക്ക് അറിയാമോ നിങ്ങളുടെ കുട്ടികളുടെ മുമ്പിൽ ഏതു തരത്തിലുള്ള ചിതകെണികളാണ് പിശാച് ഒരുക്കിയിരിക്കുന്നതെന്ന്? അവർ അവരുടെ പൂർണ്ണ ഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കുന്നുണ്ടോ? അവരുടെ പൂർണ്ണ ആത്മാവോടുകൂടി അവരുടെ പൂർണ്ണ മനസ്സോടുകൂടിയും അവരുടെ പൂർണ്ണ ശക്തിയോടുകൂടിയും? ദൈവത്തെ ഭ.ബഹുമാനമുള്ള പാതയിൽ കൂടിയാണോ നിങ്ങളുടെ മക്കൾ പെരുമാറുകയും ജീവിക്കുകയും ചെയ്യുന്നത്? അവർ ദൈവത്തെ ആദരവോടുകൂടെയാണോ അവർ കാണുന്നത്. അവരെപ്പോലെതന്നെ മറ്റുള്ളവരെ അവർ സ്നേഹിക്കുന്നുണ്ടോ? പരിശുദ്ധാത്മാവും വെളിപ്പെടുത്തിയിരിക്കുന്ന ഫലങ്ങളിൽ അടിസ്ഥാനമാക്കിയാണോ അവരുടെ ഓരോ പ്രവർത്തനങ്ങൾ അവർക്കു കൊടുക്കവാങ്ങലുകളിൽ ദൈവസ്നേഹം നിറയപ്പെട്ടിരിക്കുന്നുവോ? എല്ലാ ദിവസവും ദൈവത്തോടുള്ള പ്രാർത്ഥനയിൽ അവർ പഠിച്ച് വളരുന്നുണ്ടോ? ദൈവവചനത്തെ പഠിക്കുവാനും ധ്യാനിക്കുവാനും ഓർമ്മയിൽ സൂക്ഷിക്കുവാനും അവർക്ക് കഴിയുന്നുണ്ടോ? അവരുടെ ഉള്ളിൽ ക്രിസ്തുവിനെ നഷ്ടപ്പെട്ടവർക്ക് യേശുവിനെ കൊടുക്കുവാനുള്ള ഒരു വലിയ ആഗ്രഹമുണ്ടോ മനസ്സുകളിൽ?

(ശേഷം അടുത്തലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975